കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

e-mail:lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ എസ്. എ/റ്റി.വി.എം/ജി.പി. 2/165/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി :08.04.2019

Phone No : 0471-2331231

Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കള്ളിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കള്ളിക്കാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3)കാര്യാലയ പകർപ്പ്,
4) സ്പെയർ

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.2/165/2019 തീയതി :08.04.2019

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.06.2017 മുതൽ 31.03.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ശ്രീ. സാജൻലാൽ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം 14.01.2019 മുതൽ 21.01.2019 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സിന്ധുലാബീവി | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സുരേഷ്ബാബു. ബി, | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജയലക്ഷ്മി.ബി.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. കോസലരാമദാസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അരുൺ.സി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ലിപു.എസ്.ലോറൻസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. എൽ. സാനുമതി | 01.04.2017 മുതൽ 31.03.2018വരെ |
| സെക്രട്ടറി | ശ്രീ. ഡി. സുനിൽ കുമാർ<br>ശ്രീ. മുരളീധരൻപിള്ള<br>ശ്രീ. എം. നൂർജഹാൻ | 01.04.2017 മുതൽ 05.06.2017വരെ<br>05.06.2017 മുതൽ 08.06.2017 വരെ<br>09.06.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സജീനാബീവി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജാക്വിലിൻ എ. | 01.4.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ, (പി .എച്ച്.സി) | ഡോ. അജോഷ് തമ്പി | 01.04.2017 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. റീജ എൽ.ജെ | 01.04.2017 മുതൽ 31.03.18വരെ |
| വെറ്റിനറി സർജൻ | ഡോ. എസ്. സജിത് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. ഗീത | 01.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ലാൽസി റാണി | 01.04.2017 മുതൽ 31.03.18 വരെ |
| വി.ഇ.ഒ (എ സർക്കിൾ) | ശ്രീ. സുബി സുകുമാരൻ | 01.04.2017 മുതൽ 31.03.18 വരെ |
| വി.ഇ.ഒ.(ബി സർക്കിൾ) | ശ്രീമതി. രാധിക | 01.04.2017മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. കൃഷ്ണകുമാരി | 01.04.2017 - 10.10.2018 |
| | ശ്രീമതി. സുനിൽ | 11.10.2018മുതൽ 31.03.18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷികധനകാര്യപത്രിക | 1-2 | |
| 3 | വാർഷികധനകാര്യപത്രികപരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തികവിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റുഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ മറ്റ് അപാകങ്ങൾ | 1-12 | |
| | ഭാഗം 2 | | |
| 13 | വരവ് തുക ക്രഡിറ്റ് ചെയ്തില്ല | 2-1 | |
| 14 | ബജറ്റ് നടപടിക്രമങ്ങളിലെ അപാകത | 2-2 | |
| 15 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. | 2-3 | |
| 16 | വർക്കേഴ്സ് വെൽഫയർ ഫണ്ട് തുകയ്ക്ക് കളക്ഷൻ ചാർജ് ഈടാക്കിയില്ല | 2-4 | |
| 17 | തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 2-5 | |
| 18 | വാടക കുടിശ്ശിക 94440/-രൂപ പിരിച്ചെടുക്കാനുണ്ട് | 2-6 | |
| | ഭാഗം 3 | | |
| 19 | തെരുവുവിളക്ക് പരിപാലനം -അപാകതകൾ | 3-1 | |
| 20 | സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ടിലുൾപ്പെടുത്തി ശമ്പളം നല്കി | 3-2 | |

| | | | |
|---|---|---|---|
| 21 | വിനിയോഗസാക്ഷ്യപത്രം/മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല തുക തടസ്സപ്പെടുത്തുന്നു. | 3-3 | |
| 22 | നിരപ്പൻകാല അംഗനവാടി റോഡ് മെയിന്റനൻസ്- നിർവഹണത്തിലെ അപാകതകൾ-നഷ്ടം 3434/- | 3-4 | |
| 23 | ഉദയംകോണം കോട്ടമം റോഡ് റീ ടാറിംഗ്- അപാകതകൾ നഷ്ടം-4875/- | 3-5 | |
| 24 | റോഡ് ടാറിംഗ് പ്രവൃത്തികൾ -ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ സമർപ്പിക്കുന്നില്ല. | 3-6 | |
| 25 | റോഡ് പ്രവൃത്തികൾ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു. | 3-7 | |
| 26 | വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവാക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-8 | |
| 27 | തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-9 | |
| 28 | ജൈവ സമൃദ്ധി (വനിതാ ഗ്രൂപ്പ്) രേഖകൾ അപൂർണ്ണം | 3-10 | |
| 29 | ഭക്ഷ്യസുരക്ഷ ഉറപ്പാക്കാതെ ന്യൂട്രീമിക്സ് വിതരണം | 3-11 | |
| 30 | ജാഗ്രതാസമിതികൾ നിർജ്ജീവം | 3-12 | |
| 31 | ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനോപകരണങ്ങൾ വാങ്ങൽ - സ്റ്റോർസ് പർച്ചേസ് മാന്വലിനു വിരുദ്ധം | 3-13 | |
| 32 | പാലിയേറ്റീവ് കെയർ വാഹന ഉപയോഗം- മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല | 3-14 | |
| 33 | വാഹന ഉപയോഗം- തെറ്റായ വൗച്ചറുകൾ സൂക്ഷിച്ചിരിക്കുന്നു | 3-15 | |
| 34 | ആയുർവേദഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- ലഭിച്ച മുഴുവൻമരുന്നും സ്റ്റോക്കിലെടുത്തിട്ടില്ല | 3-16 | |
| 35 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ പരിപാലനം - അപാകങ്ങൾ | 3-17 | |
| | ഭാഗം- 4 | | |
| 36 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 37 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 41 | ഓഡിറ്റ് റിക്കവറി | 4-6 | |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 43 | ചാർജ്ജ്/സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബജറ്റ് 27.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 25,05,48,170 രൂപ വരവും 24,89,04,750 രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 68192951/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 65909953/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 13.06.2018 | - | - |

## 1-3 വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 09.07.2018 മുതൽ 10.07.2018 വരെ | KSATVMGP2/1718/2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1368932 |
| വരവ് | 66824019 |
| ആകെ | 68192951 |
| ചെലവ് | 65909953 |
| നീക്കിയിരിപ്പ് | 2282998 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13600009 | 13600009 | 13600009 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 160014 | 160014 | 160014 | 0 |
| TSP | | 1257837 | 1257837 | 1257837 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 19365594 | 19365594 | 19365594 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 3413389 | 3413389 | 3413389 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6847379 | 6847379 | 6847379 | 0 |
| കെ.എൽ.ജി. എസ്.ഡി.പി. | 0 | 3147567 | 3147567 | 3147567 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 96947 | 3020637 | 3117584 | 3077017 | 40567 |
| ബി ഫണ്ട് | 0 | 268760 | 268760 | 268760 | |
| എസ്.ബി.ഐ. ഇ പേയ്മെന്റ് | 0 | 21867 | 21867 | - | 21867 |
| റ്റി.എസ്.ബി. | 590258 | 5260010 | 5850268 | 5691668 | 158600 |
| ക്യാഷ് | 126939 | 113398 | 240337 | 126939 | 113398 |
| എസ്.ബി.ഐ. | 458046 | 5036252 | 5494298 | 3727262 | 1767029 |
| എസ്.സി.ബി | 96742 | 3871176 | 3967918 | 3786381 | 181537 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം (ശതമാനം) |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 2504055 | 8 | 1294529 | | | 100 |
| 2 | ഐ.സി.ഡി.എസ്. | 8 | 3782692 | 5 | 3258462 | 3 | | 62.5 |
| 3 | എ.ഇ. | 95 | 39252353 | 95 | 28677244 | | | 100 |
| 4 | വി.ഇ.ഒ. | 19 | 3926550 | 14 | 2825650 | 5 | | 74 |
| 5 | വെറ്ററിനറി സർജൻ | 7 | 1650000 | 4 | 1071129 | | 3 | 57 |
| 6 | സെക്രട്ടറി | 34 | 9829570 | 30 | 8466932 | 3 | | 88 |
| 7 | എം.ഒ.പി.എച്ച്.സി. | 6 | 1125000 | 6 | 1124964 | | | 100 |
| 8 | എം.ഒ. ഹോമിയോ | 2 | 130000 | 2 | 130000 | | | 100 |
| 9 | എച്ച്.എം. | 12 | 1810000 | 11 | 1309102 | | 1 | 91 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 2008505 | 3 | 2008505 | | | 100 |
| 11 | എം.ഒ. ആയുർവേദം | 2 | 330000 | 2 | 330000 | | | 100 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 96947 | 3020637 | 3117584 | 3077017 | 40567 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 66327000 | 66327000 | 66327000 | |
| ആകെ | 96947 | 69347637 | 69444584 | 69404017 | 40567 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 128760 | 250 |
| കർഷക തൊഴിലാളി പെൻഷൻ | 3662100 | 323 |
| വിധവാപെൻഷൻ | 9744700 | 869 |
| വാർദ്ധക്യകാല പെൻഷൻ | 10602400 | 1025 |
| വികലാംഗ പെൻഷൻ | 2523900 | 238 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90000 | 3 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 78500 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.01.2019 ഉച്ചക്ക് 3മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8289/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ച നൽകിയിട്ടുണ്ട്. വൗച്ചറുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും,രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകൾ ബജറ്റിൽ അധികരിച്ചിട്ടില്ലെന്നും മിതവും കാര്യക്ഷമവുമാണെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ചയുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാകേണ്ടതുണ്ട്. പണം സ്വീകരിക്കുന്നതിനും, ഡെപ്പോസിറ്റ് ചെയ്യുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചുനല്കിയിട്ടുണ്ട്. ചെലവുകൾക്ക് വൗച്ചറുകളും, സബ് വൗച്ചറുകളും സൂക്ഷിക്കുന്നതിൽ അപാകമുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്.

(i)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി,പദവിയിലും അവസരത്തിലുമുള്ള തുല്യത,ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ

മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | എല്ലാമാസവും കൂടിയിട്ടില്ല. |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം പരിപാലിച്ചിട്ടില്ല |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപൂർണ്ണമാണ്. മോണിറ്ററിംഗ് നടത്തിയിട്ടില്ല |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ അപൂർണ്ണമാണ്.<br><br>മോണിറ്ററിംഗ് നടത്തിയിട്ടില്ല. |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | ഫോറം വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ | രജിസ്റ്ററിൽ |

| | | |
|---|---|---|
| | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ പിറ്റേ ദിവസം സെക്ഷനുകൾക്ക് നൽകാറുണ്ട്<br>മോണിറ്ററിംഗ് നടത്താറില്ല |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേ.പ.രാ.(ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി,വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശ രേഖ പുറപ്പെടുവിക്കണം | പൗരാവകാശ രേഖ പുറപ്പെടുവിച്ചിട്ടില്ല. |

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

ii) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം ( 01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം.01/.12.11.2018) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

iii)പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ്മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല.

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല..

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്ക്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ,ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2018 | 1.11.2018 മുതൽ 30.11.2018 വരെ | 19.12.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.03.2013 | 2007-08 മുതൽ 2011-12 വരെ | 15.03.2013 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം/ജി.പി.2/1718 തീയതി 29.08.2018-ാം നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവ് തുക ക്രെഡിറ്റ് ചെയ്തില്ല

ചിന്താലയ വിദ്യാലയത്തിൽ നിന്നും തൊഴിൽ നികുതിയിനത്തിൽ ലഭിച്ച 5250/-(സാംഖ്യ രസീത് 11702500112/27.02.2018 ചെക്ക് നം. 494623/26.2.18 സൗത്ത് ഇന്ത്യൻ ബാങ്ക്) നാളിതുവരെ പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. . ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ തുക എസ്.ബി.ഐ യിൽ കളക്ഷന് നൽകിയെന്നും ക്രഡിറ്റ് ആയിട്ടില്ലായെന്നും അറിയിച്ചു. കൂടാതെ പഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് വരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുക ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 2-2 ബജറ്റ് നടപടിക്രമങ്ങളിലെ അപാകത

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

നടപടിക്രമം

| ക്രമ നം. | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 13.01.17 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | 25.1.17 |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 27.01.17 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 19.3.17 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | വിളിച്ചുചേർത്തിട്ടില്ല. |

| | | | |
|---|---|---|---|
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 28.3.18 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് വിവിധ ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം കൃഷി ഓഫീസർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.,ആയുർവേദം,ഹോമിയോ), വെറ്ററിനറി സർജൻ എന്നീ നിർവഹണോദ്യോഗസ്ഥർ മാത്രമാണ് ബജറ്റ് ശുപാർശ സമർപ്പിച്ചിട്ടുള്ളത്. എല്ലാ ഘടക സ്ഥാപനങ്ങളുടെയും ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്താതെയാണ് ബജറ്റ് തയ്യാറാക്കിയത്.

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണമായും പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതിനാൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിക്കേണ്ടി വന്നു. (15.3.2018ലെ 1(1) തീരുമാനപ്രകാരം ബജറ്റ് ഭേദഗതി ചെയ്തിട്ടുണ്ട്) .

## 2-3 ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല.

2017-18 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 20 പ്രവൃത്തികളിൽ നിന്നും 142576/-രൂപാ ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുണ്ട്.ആയത് ലഭ്യമാക്കുവാനുള്ള നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇ-ടെണ്ടർ പ്രവൃത്തികളുടെ ഫാറവില ലഭ്യമാക്കാൻ വേണ്ട നടപടികൾ ഊർജ്ജിതമാക്കേണ്ടതും ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ടതുമാണ്.

## 2-4 വർക്കേഴ്സ് വെൽഫയർ ഫണ്ട് കളക്ഷൻ ചാർജ് ഈടാക്കിയില്ല

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. എന്നാൽ പഞ്ചായത്ത് നാളിതുവരെ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. 2017-18 സാമ്പത്തിക വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്ന് വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കി ഒടുക്ക് വരുത്തിയ 306632/- രൂപക്ക് കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം ഗ്രാമ പഞ്ചായത്തിന് 3066/- രൂപയുടെ നഷ്ടമുണ്ടായി. വെൽഫയർ ഫണ്ടിനത്തിൽ ഈടാക്കുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജായി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 തൊഴിൽനികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

തൊഴിൽനികുതി ഈടാക്കാനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | നടപടിക്രമം |
|---|---|---|

| | | |
|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. |
| 4 | 205(എഫ്II) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. |

മേൽ രേഖപ്പെടുത്തലിൽ ക്രമ നം. മൂന്ന് വരെയുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതാണ് തൊഴിൽനികുതി പിരിവ് കൃത്യമായി ഈടാക്കുന്നതിന് തടസ്സമായത്.

1. 2017 – 18 ൽ 113 സ്ഥാപനങ്ങൾക്ക് ഡി ആന്റ് ഒ ലൈസൻസ് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടക ബത്ത ഒഴികെയുള്ള എല്ലാ മാർഗങ്ങളിലും കൂടെയുള്ള ആകെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തൊഴിൽനികുതി നിർണ്ണയിക്കേണ്ടത്.എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഫീസ് മേധാവികൾ സമർപ്പിക്കുന്ന വരുമാനപത്രിക അപൂർണമാണ്.പല പത്രികകളിലും അടിസ്ഥാന ശമ്പളം മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ബോണസ്/ഉത്സവബത്ത എന്നിവ ഉൾപ്പെടുത്താതെയാണ് പല സ്ഥാപനങ്ങളും വരുമാനപത്രിക സമർപ്പിച്ചിട്ടുള്ളത്.(ഉദാ - അബിനിധി ആശുപത്രി, കള്ളിക്കാട്,ചിന്താലയ വിദ്യാലയം,സപ്ളൈകോ മാവേലി സ്റ്റോർ, കള്ളിക്കാട്) ജീവനക്കാർക്ക് ലീവ് സറണ്ടർ ഇനത്തിൽ ലഭിക്കുന്ന വരുമാനം പത്രികകളിൽ ഉൾപ്പെട്ടിട്ടില്ല.ആയതിനാൽ തൊഴിൽനികുതി ഇനത്തിലുള്ള വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

3. പൗരാവകാശരേഖയിൽ പരാമർശിച്ചിരിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഈടാക്കിയിട്ടില്ല.സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

i) മത്സ്യ സഹകരണ സംഘം, മൈലക്കര

ii) കള്ളിക്കാട് സർവ്വീസ് സഹകരണ ബാങ്ക് കണ്ടംതിട്ട ബ്രാഞ്ച്

iii) രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്മെന്റ് സ്റ്റഡീസ്

iv) ബയോവേദ ഹിൽ റിസോർട്ട്

v) സ്നേഹതീരം റെഡിമെയ്ഡ് ആന്റ് ഗാർമെന്റ്സ്

vi) ഹിൽ വ്യൂ ഹാൾ

vii) ആർ.വി ആശുപത്രി

viii) ജി.എസ്.എൻ കൺവെൻഷൻ സെന്റർ

ix) ആർ.പി.എസ് മിനി ഹാൾ

x) ഐ റ്റി ഐ കമ്പ്യൂട്ടർ സെന്റർ

4. തൊഴിൽനികുതി- രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല

(1) അസ്സസ്മെന്റ് രജിസ്റ്റർ- നികുതി ചുമത്താവുന്ന സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങൾ അടങ്ങിയ അസ്സസ്സ്മെൻറ് രജിസ്റ്റർ 1996-ലെകേരള പഞ്ചായത്തീരാജ് (നികുതിചുമത്തലും അപ്പീലും) ചട്ടങ്ങൾ 5-ലെ മാതൃകയിൽ സൂക്ഷിക്കണം.എന്നാൽ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(2) ഡിമാന്റ് രജിസ്റ്റർ-തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ കീഴിൽ തൊഴിൽനികുതി ഈടാക്കാനുള്ള മുഴുവൻ സ്ഥാപനങ്ങളും വ്യാപാരികളും കമ്പനികളും വ്യക്തികളും ഉൾപ്പെട്ട രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.എന്നാൽ സൂക്ഷിക്കുന്ന ഡിമാൻറ് രജിസ്റ്റർ, തൊഴിൽനികുതി ഈടാക്കിയ സ്ഥാപനങ്ങളും വ്യക്തികളും മാത്രം ഉൾപ്പെട്ടതാണ്.

(3)കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ - മുൻവർഷങ്ങളിൽ പിരിച്ചെടുക്കാതെ ബാക്കിയായ നികുതി ഉൾപ്പെടുത്തേണ്ട കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (ii) ബി പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി നൽകുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുള്ള കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

6. ദേവസ്വം ബോർഡിന് കീഴിലെ സ്ഥാപനങ്ങളിൽ നാല് ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ലെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 26/19.01.2019 ന് മറുപടി നല്കിയിട്ടുണ്ട്.

7. ഗ്രാമപ്പഞ്ചായത്ത് കാര്യാലയത്തിലെ ഡ്രൈവർ രണ്ട് അർദ്ധവർഷത്തിലും തൊഴിൽനികുതി അടച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന നടപടിക്രമം പാലിച്ച് പഞ്ചായത്തിന് വരുമാനം നഷ്ടമാകില്ലെന്ന് ഉറപ്പ് വരുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധക്കേണ്ടതാണ്.

## 2-6 വാടക കുടിശ്ശിക 94440/-രൂപ പിരിച്ചെടുക്കാനുണ്ട്

2016 – 17-ൽ ഗ്രാമപഞ്ചായത്തിലെ പബ്ലിക് മാർക്കറ്റിൽ ഉള്ള കടമുറികളുടെ വാടക കുടിശ്ശിക ഇനത്തിൽ 85200/- രൂപ കിട്ടാനുണ്ട്. 2017-18 ൽ ഒന്ന്, രണ്ട് എന്നീ മുറികളിൽ നിന്നും 4620/- രൂപ വീതം

ആകെ 9240/- രൂപ പിരിച്ചെടുക്കാൻ ഉണ്ട്. ആകെ വാടക കടിശ്ശിക 94440/-രൂപ പിരിച്ചെടുക്കാനുണ്ട്. ഈ തുക പിരിച്ചെടുക്കാനായി 13.06.2017 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെങ്കിലും കുടിശ്ശിക പിരിച്ചെടുക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. ഇത് അനുസരിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.36/21.01.2019 ന് ഈ തുക പിരിച്ചെടുക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും തീരുമാനിച്ചതായി മറുപടി ലഭ്യമാക്കി. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. വാടക ഇനത്തിലെ തുക പിരിച്ചെടുത്ത് പഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവുവിളക്ക് പരിപാലനം -അപാകതകൾ

1) പ്രോജക്ട് നം. so8/18

പ്രോജക്ടിന്റെ പേര് - തെരുവുവിളക്ക് പരിപാലനം.

അടങ്കൽ - 415400/ ധനകാര്യകമ്മീഷൻ

ബിൽ നം. - 3/17-18 -218900/

76/17-18 -196500/

2) പ്രോജക്ട് നം. so 123/18

പ്രോജക്ടിന്റെ പേര് - ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസും ലാംമ്പ് മാറ്റി സ്ഥാപിക്കലും

അടങ്കൽ - 105000/non-road maintenance.

ചെലവ് - 105000/

ബിൽ നം. - 65/6.2.18.

ഗ്രാമപഞ്ചായത്തുകളിൽ സാധനസാമഗ്രികൾ വാങ്ങുന്നതിന് ജി.ഒ (പി)3/2013/ എസി.പി.ഡി.21.6.2013 എന്ന സർക്കാർ ഉത്തരവ് പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 6.1 പ്രകാരം കഴിഞ്ഞ 3 മുതൽ 5 വർഷങ്ങളിലെ ഉപയോഗം മുൻനിർത്തി ഓരോ വർഷവും ആവശ്യമായ സാധനങ്ങളുടെ പട്ടിക വർഷാരംഭത്തിന് മുമ്പ് തയ്യാറാക്കി, ആവശ്യമായ തുക ബജറ്റിൽ വകയിരുത്തി വിലക്കുറവുള്ള സീസണിൽ സാധനങ്ങൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ 2017-18 സാമ്പത്തികവർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനായി വിവിധ ബൾബുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്.ഈ പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ഉൾപ്പെടുന്ന ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. 17.8.2015 ലെ പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങളിലെ ജി2/44274/2015 ഉത്തരവിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടെ വിവരങ്ങൾ,പോസ്റ്റ് ഉൾപ്പെടെ ഒരു രജിസ്റ്റർ തയാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവുവിളക്കുകൾ റിസർവായി കരുതേണ്ടതുമാണ്.എന്നാൽ തെരുവു വിളക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ അധീനതയിലുള്ളള്ള പോസ്റ്റുകളുടെ എണ്ണം,ബൾബുകളുടെ എണ്ണം എന്നിവയുടെ കൃത്യത നിർണ്ണയിക്കാൻ സാധിച്ചില്ല.

2) പ്രോജക്ടിനായി വാങ്ങിയ ബൾബുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

3) കെ.എസ്. ഇ .ബി യുടെ ഇൻസ്റ്റലേഷൻ പൂർത്തികരിച്ച റിപ്പോർട്ട് ലഭ്യമല്ല.

4) കെ എസ്.ഇ.ബി.യും പഞ്ചായത്തിന്റെയും സംയുക്ത പരിശോധന നടത്തിയിട്ടില്ല.

5) മീറ്ററിംഗ് സംവിധാനം നിലവിലില്ല

6) കേടായ സാധനങ്ങളുടെ വിവരം അതാത് ദിവസം രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കണം. ഈ രജിസ്റ്റർ പരിപാലിക്കുന്നില്ല.

7) തെരുവ്‌വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിട്ടറിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല.

8) തെരുവ് വിളക്കുകളുടെ മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിച്ച് തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കുവാൻ ഗ്രാമപഞ്ചായത്ത് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-2 സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ടിലുൾപ്പെടുത്തി ശമ്പളം നൽകി

പ്രോജക്ട് നം. - 02/17-18

പ്രോജക്ടിന്റെ പേര് -പദ്ധതി രൂപീകരണ നിർവ്വഹണ മോണിട്ടറിംഗ് ചെലവുകൾ

അടങ്കൽ -250000/

ചെലവ് -224515/

ജി.ഒ.( എം.എസ്)നം. 80/2017 ത.സ്വ.ഭ.വ. 03.04.2017 സബ്സിഡി മാർഗരേഖയിൽ പ്രോജക്ടിലുൾപ്പെടുത്തി ശമ്പളം നല്കാൻ അനുവദിക്കുന്നില്ല. എന്നാൽ ഈ പ്രോജക്ടിൽ 30530/-രൂപ (ബിൽ നം.86/31.3.18) പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഡാറ്റാ എൻട്രി നടത്തുന്നതിനായി ശമ്പളമിനത്തിൽ താല്ക്കാലികനിയമനത്തിൽ നിയമിതയായ ശ്രീമതി.സന്ധ്യയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. പ്രോജക്ടുകൾ സബ്സിഡി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം മാത്രം നിർവഹിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ അനിവാര്യമാണ്.

## 3-3 വിനിയോഗസാക്ഷ്യപത്രം/മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല 3597667/- രൂപ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര്/ നമ്പർ | അടങ്കൽ തുക | ബിൽ നം./ ചെലവ് തുക | കൈപ്പറ്റിയ ഏജൻസി | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഐ.കെ.എം പ്രവർത്തനഫണ്ട് | വികസനഫണ്ട്-66603/- | Bill No. 10/17-18/7.7.17 66603/- | | വിനിയോഗ |

| | | | | | |
|---|---|---|---|---|---|
| | SOOO1/18 | | | | സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 2 | ജലശ്രീ പ്രോജക്ട് SOO97/18 | വികസനഫണ്ട്-100000 | Bill No. 53/17-18 /22.11.17-100000 | | -ടി- |
| 3 | So105/18 എസ് .സി കോളനിയിൽ പൈപ്പ് ലൈൻ നീട്ടൽ | എസ്.സി.പി. ഫണ്ട്- 200000/- | 200000 ബിൽ നം.27/17-18, 23/08/2017 | KWA NTA യിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 4 | SO107/18എസ് .സി കോളനി കുടിവെള്ള പദ്ധതി മെയിന്റനൻസ് . | എസ്.സി.പി. ഫണ്ട്- 226000/- | ബിൽ നം. 27/23.8.17, 226000/- | | - ടി - |
| 5 | SO113/18വിവിധ വാർഡുകളിൽപൈപ്പ് ലൈൻ നീട്ടൽ. | ധനകാര്യകമ്മീഷൻ 2891000/- | ബിൽ നം.30,48/26.8.17, 31.10.17/1400000.1491000 2891000/- | | - ടി - |
| 6 | 121/18വ്ളാവെട്ടി -ഇലക്ട്രിക്പോസ്ററ് മാറ്റൽ | റ്റി.എസ്.പി.ഫണ്ട് 50000/ | 38/12.10.17/41969, 41969/- | | - ടി - |
| 7 | So124/18മഞ്ചാടിമൂട് വാർഡിൽഇലക്ട്രിക് ലൈൻ,പോസ്ററ് മാറ്റൽ. | പ്ളാൻ ഫണ്ട്60000/ | ബിൽ നം.38/13.10.17. 59430 59430 | KSEB ഒറ്റശേഖരമംഗലം. | - ടി - |
| 8 | SO145/18 തെരുവ്വിളക്കുകളിൽ മീറ്ററിംഗ് | വികസനഫണ്ട് 31800/- | ബിൽ നം.18/17-18/ 19.7.17. 31800/- | KSEB ഒറ്റശേഖരമംഗലം. | - ടി - |
| 9 | So203/18 നിലമേൽ കാണിക്കോണം റോഡിൽ ഇലക്ട്രിക് പോസ്റ്റ്മാറ്റൽ | വികസനഫണ്ട് 25000/- | ബിൽ നം. 82/22.3.18.12665 12665 | KSEB ഒറ്റശേഖരമംഗലം. | - ടി - |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾക്കായി ചെലവഴിച്ച 3597667/- രൂപ തടസ്സം ചെയ്യുന്നു.

## 3-4 നിരപ്പൻകാല അംഗനവാടി റോഡ് മെയിന്റനൻസ്-നിർവഹണത്തിലെ അപാകതകൾ–നഷ്ടം 3434/-

പദ്ധതി നം. - 130/2018

അടങ്കൽ - 286000/-

ചെലവ് - 271372/-

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ - D.ക്രിസ്തുദാസ്. (28.5% below)

ബിൽ നം. - 60/17-18 തീയതി, 19/02/18

എം ബുക്ക് നം. - 46/17-18

കോസ്റ്റ് ഇൻഡക്സ് - 50.98%

നിരപ്പൻകാല അംഗനവാടി റോഡ് RRMasonary,Stone Masonary എന്നിവ ഉപയോഗിച്ച് സൈഡ് വാൾ കെട്ടി സംരക്ഷിക്കുവാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്.എന്നാൽ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ഇനം നം 6 ആയി 84.700m3 അളവിൽ എംബാങ്ക്മെന്റ് നിർമ്മിച്ചതായി കാണുന്നു.ഈ ഇനത്തിന് 479.06/-m3 നിരക്കിൽ 40375.17/- രൂപാ നൽകി. എന്നാൽ നിലവിലെ MoRD നിരക്ക് പ്രകാരം എംബാങ്ക്മെന്റ് നിർമ്മാണത്തിന് അനുവദനീയമായ നിരക്ക് 420/-$m^3$ ആണ്.ആയതിനാൽ എം$^3$ ന് 59.06/-രൂപാ അധികം നിരക്കിൽ നൽകിയ തുക ഓഡിറ്റ് അംഗീകരിക്കുന്നില്ല.

നൽകിയ തുക =84.70$m^3$@479.06/-$m^3$=40375.17/-(പരിമിതപ്പെടുത്തി നൽകിയ തുക)

നൽകേണ്ട തുക =84.70$m^3$@420/-$m^3$=35574/-

വ്യത്യാസം =4801/-

ടെണ്ടർ കുറവ് =28.5%of4801=1368/-

അധികം നൽകിയ തുക=3433/-

മേൽ സൂചിപ്പിച്ച പരാമർശം ബോധ്യപ്പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 21/19)മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുകയായ 3433/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 <u>ഉദയംകോണം കോട്ടമം റോഡ് റീ ടാറിംഗ്- അപാകതകൾ നഷ്ടം- 4875/-</u>

പദ്ധതി നം. - 136/2018

അടങ്കൽ - 1220000/-

ചെലവ് - 673750/-

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

കരാറുകാരൻ - രഞ്ജുലാൽ. (item rate contract)

ബിൽ നം. - 44/17-18 തീ. 08/01/18

എം ബുക്ക് നം.- 631/17-18

കോസ്റ്റ് ഇൻഡക്സ് - 50.98%

മേൽ സൂചിപ്പിച്ച പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

i,ഫൗണ്ടേഷൻ നിർമ്മാണം-തെറ്റായ അളവ് രേഖപ്പെടുത്തി തുക നൽകി

RR masonary ഉപയോഗിച്ചുള്ള ഫൗണ്ടേഷൻ നിർമ്മാണത്തിൽ അളവ് രേഖപ്പെടുത്തലിലെ പിഴവ് മൂലം അധിക തുക അനുവദിക്കേണ്ടി വന്നിട്ടുണ്ട്.വിവരം ചുവടെ ചേർക്കുന്നു.(എം ബുക്ക് പേജ്നം3)

കണക്കാക്കിയ അളവ് =13x0.60x0.30 =3.12$m^3$

കണക്കാക്കേണ്ട അളവ് =13x0.60x0.30 =2.34$m^3$

അധികം കണക്കാക്കിയ അളവ് =0.78$m^3$

അധികം നൽകിയ തുക=0.78$m^3$@3000/-$m^3$ =2,340/-

ii,സൂപ്പർസ്ട്രക്ചർനിർമ്മാണം-അനുവദനീയമല്ലാത്തഅളവ് രേഖപ്പെടുത്തി തുക നൽകി.

RR masonary ഉപയോഗിച്ചുള്ള സൂപ്പർ സ്ട്രക്ചർ നിർമ്മാണത്തിൽ ഫൗണ്ടേഷൻ ബേസ് നിർമ്മിച്ചതിനേക്കാൾ അധിക അളവിൽ സൂപ്പർസ്ട്രക്ചർ നിർമ്മിച്ചതായി കാണിച്ചുമൂലം അധിക തുക ചെലവ് ചെയ്യേണ്ടി വന്നു.വിവരം ചുവടെ ചേർക്കുന്നു.(എം ബുക്ക് പേജ് നം.5)

ബേസ് ചെയ്ത അളവ് = 13x0.60x0.30=2.34$m^3$

സൂപ്പർ സ്ട്രക്ചർ ചെയ്തതായി

കാണിച്ചിരിക്കുന്ന അളവ് =13x(0.7+0.5)/2x(0.8+0.5)/2 =5.07$m^3$

സൂപ്പർ സ്ട്രക്ചർ

ചെയ്യേണ്ടിയിരുന്ന അളവ് =13x0.5x(0.8+0.5)/2 =4.225$m^3$

അനുവദനീയമല്ലാത്ത അളവ് =0.845$m^3$ (5.07-4.225)

അധികം നൽകിയ തുക=0.845m3@3000/-m3 =2,535/-

മേൽ സൂചിപ്പിച്ച പരാമർശം ബോധ്യപ്പെടുത്തി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 22/19) കരാറുകാരനിൽ നിന്നും തുക ഈടാക്കാം എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 റോഡ് ടാറിംഗ് പ്രവൃത്തികൾ -ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ സമർപ്പിക്കുന്നില്ല.

സർക്കാർ ഉത്തരവ് (സാ.ധാ) 3049/2016തസ്വഭവ തീയതി.08/11/2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കരാറുകാരിലൂടെ നിർവഹിക്കപ്പെടുന്ന ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർ നിർബന്ധമായും ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.എന്നാൽ സ്ഥാപനം കരാറുകാരിലൂടെ നിർവഹിച്ച ചുവടെ പറയുന്ന പ്രവൃത്തികളിൽ മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

1. ആട്ടുവള്ളി പാങ്കാട് റോഡ് റീ ടാറിംഗ് (138/18)
2. നാൽപാറക്കുഴി നാരത്തിൻകുഴി റോഡ് റീടാറിംഗ് (139/18)
3. ചാമവിളപ്പുറം കൊല്ലരിക്കടവ് റോഡ് റീടാറിംഗ്(152/18)
4. കള്ളിക്കാട് ഏറെക്കോണം റോഡ് റീടാറിംഗ്(135/18)

മേൽ അപാകത ഓഡിറ്റ് എൻക്വയറി നം 20/19 പ്രകാരം നിർവഹണ ഉദ്യോഗസ്ഥയെ ബോധ്യപ്പെടുത്തിയപ്പോൾ ടാർ ബില്ലുകൾ സമർപ്പിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.എന്നാൽ പ്രസ്തുത ഒറിജിനൽ ബില്ലുകൾ പ്രവൃത്തികളുടെ ഫയലിനൊപ്പം ഉൾപ്പെടുത്തുകയോ എൻക്വയറി നൽകിയതിനു ശേഷം ആയവ ഹാജരാക്കുകയോ ചെയ്തിട്ടില്ല.ആയതിനാൽ ബിറ്റുമിന്റെ ഒറിജിനൽ ബില്ലുകളുടെ അഭാവത്തിൽ മേൽ സൂചിപ്പിച്ച പ്രവൃത്തികളുടെ മോണിറ്ററിംഗ് ശരിയായ രീതിയിൽ നിർവഹിക്കാൻ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന് കഴിഞ്ഞിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിയേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-7 റോഡ് പ്രവൃത്തികൾ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ നിർവഹിക്കുന്നു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ റോഡ് ടാറിംഗ്, കോൺക്രീറ്റിംഗ് പദ്ധതികൾ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് ഏറ്റെടുത്തിരിക്കുന്നത്.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിയിലൂടെ (ഓഡിറ്റ് എൻക്വയറി നം. 04/2018 തീ.22/01 /2019) വിശദീകരണം ആവശ്യപ്പെട്ടിരുന്നു. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും റോഡ് വികസനം റോഡ് കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കേണ്ടതുമാണ്.

## 3-8 വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവാക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

വാർഷിക ധനകാര്യപത്രിക B4-Schedule പ്രകാരം വിവിധ സ്ഥാപനങ്ങളിൽ/ഏജൻസികളിൽ നിന്നും ലഭിച്ചതിൽ 1948908/- രൂപ ചെലവഴിക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഇതിൽ 320100299 ഹെഡ് പ്രകാരമുള്ള 306000/- രൂപ ഏത് സ്ഥാപനം/ഏജൻസിയിൽ നിന്ന് എന്താവശ്യത്തിലേക്കാണ് ലഭിച്ചതെന്ന കാര്യത്തിൽ പഞ്ചായത്തിന് വ്യക്തതയില്ല. പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ചെലവഴിക്കാതെ തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുകകൾ എന്താവശ്യത്തിലേക്കാണോ ലഭിച്ചത് ആയതിനായി ചെലവഴിക്കേണ്ടതും അല്ലാത്തപക്ഷം അതാത് ഹെഡിൽ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 3-9 തൊഴിലുറപ്പ് പദ്ധതി- അവലോകനം

2017-18 വർഷം ആകെ 3453 തൊഴിലാളികൾക്ക് ആകെ 216122 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 925 പേർക്ക് 100 തൊഴിൽദിനങ്ങൾ ലഭിച്ചിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയ്ക്ക് ആവശ്യമായ മെറ്റീരിയൽ സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് വൗച്ചറുകൾ സൂക്ഷിക്കുകയോ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല
2. ഫലവൃക്ഷത്തൈ ഉല്പാദനം – ഉല്പാദിപ്പിച്ച തൈകളുടെയും അവയുടെ വിതരണ വിശദാംശങ്ങളും കൃത്യമായി സൂക്ഷിക്കുന്നില്ല.

3. അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിലും, എം.ബുക്കിലും വ്യാപകമായി തിരുത്തൽ വരുത്തിയിരിക്കുന്നു (ഉദാ. വട്ടപ്പുല്ല്- പാങ്കാട് റോഡ് നിർമ്മാണം)

അപാകതകൾ ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-10 ജൈവ സമൃദ്ധി (വനിതാ ഗ്രൂപ്പ്) രേഖകൾ അപൂർണ്ണം

2017 - 18 സാമ്പത്തികവർഷം കൃഷി ഓഫീസർ നിർവഹണം നടത്തിയ ജൈവസമൃദ്ധി (വനിതാ ഗ്രൂപ്പ്) എന്ന പദ്ധതി നമ്പർ 170/17 - 18 ന്471 ,600/- രൂപ അടങ്കൽ വകയിരുത്തി 3,99,600/- രൂപ ചെലവ് വരുത്തി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി കുടുംബശ്രീ യൂണിറ്റുകൾ മുഖേനയാണ് നിർവഹിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ ചില അപാകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുടുംബശ്രീയുടെ പേര് | സെക്രട്ടറി | അപാകം |
|---|---|---|---|
| 1 | ആശ്രയ | ശ്രീമതി സുജാത | വൗച്ചർ പൂർണ്ണമല്ല. |
| 2 | ശ്രീഭദ്രാ | | വൗച്ചർ പൂർണ്ണമല്ല. |
| 3 | അമൃതസൂര്യ | | കരം തീർത്ത രസീത് ഇല്ല |
| 4 | ശ്രീഹരി | ശ്രീമതി ബിന്ദു പി | കരം തീർത്ത രസീത് ഇല്ല |
| 5 | അമൃത | ശ്രീമതി സുനിത | കരം തീർത്ത രസീത് ഇല്ല |
| 6 | ധനശ്രീ | ശ്രീമതി ആനന്ദവല്ലികാണിക്കാരി | വൗച്ചർ- കരം തീർത്ത രസീത് ഇല്ല |
| 7 | അനശ്വര | | വൗച്ചർ- കരം തീർത്ത രസീത് ഇല്ല |
| 8 | കൂട്ടായ്മ | | വൗച്ചർ- കരം തീർത്ത രസീത് ഇല്ല |
| 9 | ക്ഷമ | ശ്രീമതി ലൈലാദയ | വൗച്ചർ- കരം തീർത്ത രസീത് ഇല്ല |
| 10 | ആവണി | ശ്രീമതി അനിതകുമാരി | വൗച്ചർ ഇല്ല |

പദ്ധതിയുടെ കീഴിലുള്ള 55 കുടുംബശ്രീ ഗുണഭോക്താക്കളിൽ ചില ഉദാഹരണങ്ങളാണ് മേൽ നൽകിയിട്ടുള്ളത് . ഇതുസംബന്ധിച്ച് 19.01.19 ൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 30 /19ന് വിവിധ കുടുംബശ്രീകളിൽ നിന്ന് ലഭിച്ച അപേക്ഷകളിലെ വൗച്ചറുകളിൽ ചിലത് അപൂർണമായതിന്റെ കാരണം പദ്ധതി അടിയന്തരമായി പൂർത്തിയാക്കേണ്ടതായി വന്നപ്പോൾ പൂരിപ്പിച്ച് വാങ്ങുന്നതിന് വിട്ടുപോയതാണെന്നും അപൂർണ്ണമായ അപേക്ഷകൾ ബന്ധപ്പെട്ട കുടുംബശ്രീ ഭാരവാഹികളെ വിളിച്ചു വരുത്തി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വിവിധ കുടുംബശ്രീ യൂണിറ്റുകളുടെ അപേക്ഷകളിലും ഫയലിലും കണ്ടെത്തിയ അപാകങ്ങൾ പരിഹരിക്കുന്നതിന്

നടപടി സ്വീകരിക്കാൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-11 ഭക്ഷ്യസുരക്ഷ ഉറപ്പാക്കാതെ ന്യൂട്രീമിക്സ് വിതരണം

അംഗനവാടി കുട്ടികൾക്ക് നൽകുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ട് മാസത്തിലൊരിക്കൽ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പ് വരുത്തണമെന്നും പരിശോധന നടത്തി ലഭിക്കുന്ന ലാബ് റിപ്പോർട്ടിൽ ന്യൂട്രിമിക്സിന് ഗുണനിലവാരമില്ലെങ്കിൽ ആയതു വാങ്ങിയതിനുള്ള വില ന്യൂട്രിമിക്സ് നൽകിയ സ്ഥാപനങ്ങൾക്ക് നൽകേണ്ടതില്ലെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18/12/2010ലെ ഐ.സി.ഡി.എസ്/ ബി-3/312 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധനയക്ക് അയച്ച് പരിശോധന നടത്തിയ ലാബ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതെ സാമൂഹ്യക്ഷേമ ഡയറക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ജാഗ്രതാസമിതികൾ നിർജ്ജീവം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164 എ(5) വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപ്പഞ്ചായത്തുതല ജാഗ്രതാസമിതിയുടെയും യോഗങ്ങൾ എല്ലാ മാസവും കറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. ഇത് സംബാന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 18/19 തീയതി. 17.01.2019-ന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്തിലെ പതിമൂന്ന് വാർഡിലെയും ജാഗ്രതാസമിതി കൂടിയിട്ടുണ്ടെന്നും പഞ്ചായത്തുതലത്തിൽ കേസുകൾ ഒന്നും ഇല്ലാത്തതിനാൽ 2017 -18 ൽ പഞ്ചായത്തുതല ജാഗ്രതാസമിതി കൂടിയിട്ടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഡുതല ജാഗ്രതാസമിതിയുടെ യോഗങ്ങൾ നടന്നതിന്റെ മിനിറ്റ്സ് ഹാജരാക്കിയിട്ടില്ല. 12 ഗ്രാമപ്പഞ്ചായത്തുതല യോഗങ്ങൾ നടക്കേണ്ടിയിരുന്നിടത്ത് ഒന്നു പോലും നടന്നിട്ടില്ല എന്നത് അതീവ ഗുരുതരമായ വീഴ്ചയാണ്. നിയമം അനുശാസിക്കുംപടി ജാഗ്രതാസമിതി യോഗങ്ങൾ സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-13 ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനോപകരണങ്ങൾ വാങ്ങൽ - സ്റ്റോർസ് പർച്ചേസ് മാന്വലിനു വിരുദ്ധം

പ്രോജക്ടിന്റെ പേര് - ശാരീരിക – മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്

പ്രോജക്ട് നം. - 6/17-18

അടങ്കൽ - 583000/-

ചെലവ് - 420728/-

നിർവ്വഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

ബിൽ നം. - 11/17-18 തീയതി27.10.2018
20/2017-18 തീയതി 20.01.2018
24/2017-18 തീയതി 29.03.2018

ചെക്ക് നം. - JC 4651026 തീയതി 17.03.2018
JC 4651025 തീയതി 15.03.2018
SB/XY Nx 2371513 തീയതി 31.03.2018
JCNx 1651031 തീയതി 31.03.2018

മേൽ പദ്ധതി പ്രകാരം 40104/- രൂപയ്ക്ക് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠനോപകരണങ്ങൾ പല ബില്ലുകളിലായി ശ്രീ വിഷ്ണു ഏജൻസി, ആയുർവേദകോളേജ്, ധർമ്മാലയം റോഡ് എന്ന സ്ഥാപനത്തിൽ നിന്നും ഒരേ കാലയളവിൽ വാങ്ങിയിരിക്കുന്നു. എസ്റ്റിമേറ്റ് തുക 15000/- രൂപയ്ക്കു മുകളിൽ 100000/-രൂപ വരെ ക്വട്ടേഷൻ മുഖേനയാണ് വാങ്ങേണ്ടിയിരുന്നത്. (സ്റ്റോർ പർച്ചേസ് മാന്വൽ 2013,ഖണ്ഡിക 7.6, സ ഉ(പി) നം. 03/2013/ എസ്.പി.ഡി. തീയതി 21.06.2013)ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങൽ നടത്തിയത് സംബന്ധിച്ച് 17.01.2019 നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 17/19ന് ഒരു കുട്ടിക്ക് 2000/-രൂപ ക്രമത്തിൽ 20കുട്ടികൾക്ക് 40000/- രൂപയ്ക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് വേണ്ടി രക്ഷാകർത്താക്കളെ ഏല്പിച്ചുവെങ്കിലും അവർ വാങ്ങാത്തതിനാലും ഒ രു കുട്ടിക്ക് 2000/-രൂപ ആയതിനാലും ആണ് ക്വട്ടേഷൻ ക്ഷണിക്കാത്തതെന്നും അറിവില്ലായ്മകൊണ്ടാണ് ഇത്തരം വാങ്ങൽ നടത്തിയതെന്നും ഐ സി ഡി എസ് സൂപ്പർവൈസർ മറുപടി നല്കിയിട്ടുണ്ട്. സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങൽ നടത്താൻ ഉപയോഗിച്ച 40104/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗ്രാമപ്പഞ്ചായത്ത് പ്രൊക്യുവർമെന്റ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവരുടെ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-14 പാലിയേറ്റീവ് കെയർ വാഹന ഉപയോഗം- മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചിട്ടില്ല

പാലിയേറ്റീവ് ഹോംവിസിറ്റിന് എച്ച്.എം.സിയുടെ കീഴിലുള്ള വാഹനമാണ് ഉപയോഗിച്ചിട്ടുള്ളത്. പാലിയേറ്റീവ് പരിചരണമാർഗ്ഗരേഖ (ജി.ഒ.(ആർ.ടി) 3217/2015 തീയതി. 29.10.2015) പ്രകാരം പാലിയേറ്റീവ്കെയർ ഗൃഹസന്ദർശനത്തിനായി വാഹനം ഓടിയ ദിവസങ്ങളിൽ ഡ്രൈവർക്കുള്ള ദിവസവേതനം, വാഹനത്തിന്റെ ഇന്ധനച്ചെലവ് എന്നിവ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് എച്ച്.എം.സി യുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതും, പ്രസ്തുത തുകയ്ക്കുള്ള എച്ച്.എം.സി രസീത് പാലിയേറ്റീവ് കെയർ പ്രോജക്ട് ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പാലിയേറ്റീവ് കെയർ പ്രോജക്ട്പ്രകാരം ഡ്രൈവറുടെ വേതനത്തിനും, ഫ്യൂവൽ ചാർജ്ജിനും, വാഹനമെയിന്റനൻസിനുമുള്ള ആകെ ചെലവായ 1,78,072/- രൂപ എച്ച്.എം.സി ഫണ്ടിലേക്ക് മാറ്റാതെ നേരിട്ടാണ് ചെലവഴിച്ചിട്ടുള്ളത്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുടർവർഷങ്ങളിൽ പ്രസ്തുത ചെലവ് എച്ച്.എം.സി മുഖാന്തിരം വിനിയോഗിച്ചുകൊള്ളാമെന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്.

തുടർവർഷങ്ങളിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കുമ്പോൾ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ആരോഗ്യവിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-15 വാഹന ഉപയോഗം- നിയമാനുസൃതമല്ലാത്ത വൗച്ചറുകൾ സൂക്ഷിച്ചിരിക്കുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ട് ഫയലുകളിൽ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിരിക്കുന്ന ഭൂരിഭാഗം വൗച്ചറുകളും നിയമാനുസൃതമല്ലാത്തതാണ്. വിവിധ പ്രോജക്ടുകൾ പ്രകാരം മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് സ്റ്റാഫിനെ കൊണ്ടുപോകുന്നതിനും, മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിനും ഉപയോഗിച്ച വാഹനത്തിന്റെ ട്രിപ്പ്ഷീറ്റ് പരിശോധിച്ചതിൽ ആയത് മോട്ടേർ സൈക്കിളും, ടിപ്പർ ലോറിയുമാണ്(മോട്ടോർ വാഹന വകുപ്പിന്റെ സൈറ്റ് പ്രകാരം). വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജ. നം. | വാഹന നം./ ഉടമസ്ഥന്റെ പേര് | തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| 102/18 | KL-16-S-4933 | 22.11.17 | 300 | മോട്ടോർ വാഹന വകുപ്പിന്റെ സൈറ്റ് പ്രകാരം |

| | | | | |
|---|---|---|---|---|
| | (ശ്രീ.സജിത്ത് ലാൽ) | 25.11.17<br>27.11.17<br>06.12.17<br>13.12.17<br>20.12.17<br>27.09.17<br>08.11.17 | 500<br>500<br>350<br>600<br>350<br>300<br>400 | പ്രസ്തുത വാഹനം മോട്ടോർ സൈക്കിളാണ് |
| | KL-01-AG-6267<br>(ശ്രീ.സജിത്ത് ലാൽ) | 23.08.17<br>25.09.17 | 500<br>450 | മോട്ടോർ വാഹന വകുപ്പിന്റെ സൈറ്റ് പ്രകാരം പ്രസ്തുത വാഹനം ടിപ്പർ ലോറിയാണ് |
| 94/18 | KL-16-S-4933<br>(ശ്രീ.സജിത്ത് ലാൽ) | 22.07.17<br>22.12.17<br>14.01.18<br>31.01.18 | 750<br>750<br>750<br>750<br>2000 | മോട്ടോർ വാഹന വകുപ്പിന്റെ സൈറ്റ് പ്രകാരം പ്രസ്തുത വാഹനം മോട്ടോർ സൈക്കിളാണ് |

ഓഡിറ്റ് എൻക്വയറി നൽകിയതിന് ഡ്രൈവറുടെ പിഴവുമൂലം വാഹന നമ്പർ തെറ്റായി രേഖപ്പെടുത്തിയതാണെന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്.

കൃത്യമായ ചെലവ് രേഖകൾ സൂക്ഷിക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയായി വിലയിരുത്തുന്നു. മേൽവിഷയം മോണിറ്ററിംഗിന് ചുമതലപ്പെട്ട ആരോഗ്യ വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുമില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 <u>ആയുർവേദഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- ലഭിച്ച മുഴുവൻമരുന്നും സ്റ്റോക്കിലെടുത്തിട്ടില്ല</u>

പ്രോജക്റ്റ് നം. - 14/18 (ആയുർവേദഡിസ്പെൻസറിക്ക് മരുന്നും സൺഡ്രീസും വാങ്ങൽ)

അടങ്കൽ/ ചെലവ് - 1,00,000/-

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്റ്റ് പ്രകാരം ഔഷധിയിൽ നിന്നും ലഭ്യമായ മരുന്നിൽ ചുവടെ ചേർക്കുന്നവ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല.

| ഇൻവോയിസ് നം. | മരുന്നിന്റെ പേര് | ബിൽ പ്രകാരം ലഭിച്ചത് | സ്റ്റോക്കിലെടുത്ത എണ്ണം | സ്റ്റോക്കിലെടുക്കാത്തത് |
|---|---|---|---|---|
| 90057652 | കൊട്ടംചുക്കാദി ചൂർണ്ണം (200 gm) | 37 | 0 | 37 |
| 90033061 | റ്യുമാജിത്ത് ഓയിന്റ്മെന്റ് | 100 | 39 | 61 |

അപാകത സംബന്ധിച്ച് നലകിയ ഓഡിറ്റ് അന്വേഷണത്തിന് ബിൽ പ്രകാരമുള്ള മുഴുവൻ മരുന്നും ലഭിച്ചുവെന്നും അശ്രദ്ധയോടെ വരവ് വച്ചതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിലുൾപ്പെടുത്താത്ത പ്രസ്തുത മരുന്നുകൾ സ്റ്റോക്കിൽ ഇപ്പോൾ ബാക്കിയുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി വിശദാംശം ലഭ്യമാക്കേണ്ടതാണ്.

ലഭിക്കുന്ന മരുന്നുകൾ കൃത്യമായി സ്റ്റോക്കിലെടുക്കാത്തതും, വിതരണം ചെയ്യുന്നവയുടെ വിശദാംശം അതാത് സമയങ്ങളിൽ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും പദ്ധതി നിർവഹണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു. ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 3-17 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ പരിപാലനം- അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണവും പ്രവർത്തനക്ഷമമല്ല എന്ന നിഗമനത്തിൽ അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നു. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 22 കമ്പ്യൂട്ടറും 11 പ്രിന്ററും 2 ലാപ്ടോപ്പും 2 ഫോട്ടോകോപ്പി മെഷീനും 1 സ്കാനറും പഞ്ചായത്തിൽ ഉണ്ട്. ഇത് സംബന്ധിച്ച ഭൗതിക പരിശോധനയിൽ ഒരു ഫോട്ടോകോപ്പി മെഷീൻ ഒരു സ്കാനർ എന്നിവ ഓഫീസിന് പുറത്ത് പാഴ്‌വസ്തുക്കളോടൊപ്പം അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.31/19.01.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഉപയോഗമല്ലാത്ത വസ്തുക്കളുടെ ഗണത്തിൽ ഫോട്ടോകോപ്പി മെഷീൻ, സ്കാനർ എന്നിവ ഉൾപ്പെട്ടിട്ടില്ല. ഉപയോഗയോഗ്യമായ വസ്തുക്കൾ ഇപ്രകാരം അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് ഉചിതമല്ല. പഞ്ചായത്തിന്റെ ആസ്തി കൃത്യമായി ഉപയോഗിക്കാൻ പൊതുഭരണം, ധനകാര്യം, സദ്ഭരണം, വർക്കിംഗ് ഗ്രൂപ്പുകളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 275000 | | 275000 |
| | | 250000 | 250000 | |
| | | 200000 | 200000 | |
| | | 132500 | 129228 | 3272 |
| | | 4250 | 4250 | |
| | | 20400 | 20400 | |
| | | 400000 | 400000 | |
| | | 90000 | | 90000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 81580 | 81580 | |

| | | | | |
|---|---|---|---|---|
| | | 132500 | 132500 | |
| | | 20400 | 20400 | |
| | | 100000 | 100000 | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 200000 | - | 200000 |
| 2 | " | " | 226000 | | 226000 |
| 3 | " | " | 2891000 | | 2891000 |
| 4 | കെ.എസ്.ഇ.ബി | ലൈൻ നീട്ടൽ | 41969 | 41969 | |
| 5 | " | " | 59430 | 59430 | |
| 6 | " | " | 31800 | 31800 | |
| 7 | " | " | 12665 | 12665 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | - | 10524000 | 2502564 | 1052400 | | 1450164 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./തീയതി |
|---|---|---|---|---|---|
| 1 | 2009-10 | 3-2 | 750 | N.CHITHARANJAN, AGRI OFFICER | 11702101275 / 30.10.2017 |
| 2 | 2006-07 | 3-1 | 180 | D TITUS, SECRETARY | 11702101637/ 6.12.2017 |
| 3 | " | 3-2 | 3272 | " | " |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66824019 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 65909953 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8308 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3597667 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-4 | | 3433 | ശ്രീമതി.സജീനാബീവി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 4875 | ശ്രീമതി.സജീനാബീവി, അസിസ്റ്റന്റ് എഞ്ചിനീയർ |

*സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3597667 | ശ്രീമതി.നൂർജഹാൻ.എം, സെക്രട്ടറി |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| Sajeena Beevi, AE | | Shahana cottage , DPT Junction |
| Noorjahan, Secretary | | Nallikuzhi, Thadatharikam, Paruthikuzhi, Uzhamalakkal |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1997-98 | KSATVM.GP2/956/2018, 11.06.2018 | 13 | |
| 1998-99 | KSATVM.GP2/956/2018, 11.06.2018 | 2 | |
| 1999-00 | KSATVM.GP2/956/2018, 11.06.2018 | 28 | |
| 2000-01 | KSATVM.GP2/956/2018, 11.06.2018 | 12 | |
| 2001-02 | KSATVM.GP2/956/2018, 11.06.2018 | 5 | |
| 2002-03 | KSATVM.GP2/956/2018, 11.06.2018 | 3 | |
| 2003-04 | KSATVM.GP2/956/2018, 11.06.2018 | 15 | |
| 2004-05 | KSATVM.GP2/956/2018, 11.06.2018 | 10 | |
| 2007-08 | KSATVM.GP2/956/2018, 11.06.2018 | 7 | |
| 2008-09 | KSATVM.GP2/956/2018, 11.06.2018 | 5 | |
| 2009-10 | KSATVM.GP2/956/2018, 11.06.2018 | 5 | |

| | | | |
|---|---|---|---|
| 2010-11 | LFTDGP2/355/13, 04.07.2013 | ALL | |
| 2011-12 | LFTDGP2/1787/13, 18.12.2013 | ALL | |
| 2012-13 | LFTDGP2/2456/14, 16.1.2015 | ALL | |
| 2013-14 | LFTDGP2/56/15, 16.1.2016 | ALL | |
| 2014-15 | LFTDGP2/1362/16, 01.8.2016 | ALL | |
| 2015-16 | KSATVM.GP2/1919/2016, 24.11.2017 | 6 | |
| 2016-17 | KSATVM.GP2/1478/2017 3.8.2017 | 5 | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

<u>അനുബന്ധം -1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കള്ളിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.